1. ഇ.ബി. XIII-കേരള നിയമസഭ/XI-6

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ജൂൺ 16, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### കടലാക്രമണം

(പ്രസ്തുത വിഷയം സംബന്ധിച്ച് തീരപ്രദേശവുമായി ബന്ധപ്പെട്ട എം.എൽ.എ. മാർ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

മി. സ്പീക്കർ: കേരളത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ കടലാക്രമണം അതിരൂക്ഷമായി തുടരുന്നതുമൂലം ആയിരക്കണക്കിന് വീടുകൾ നിലം പൊത്തുകയും

കടൽഭിത്തികൾ തകരുകയും തീരദേശവാസികൾ പട്ടിണിയും പരിവട്ടവുമായി കഴിയുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), സി. കെ. നാണു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കേരളത്തിലെ ഒമ്പത് ജില്ലകളിലേയും തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായിരിക്കുകയാണ്. തീരദേശ സുരക്ഷയ്ക്കും പരിപാലനത്തിനും ശാശ്വത പരിഹാരം പുലിമുട്ടുകൾ സ്ഥാപിക്കലാണെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ഭീമമായ ചെലവാണ് വേണ്ടി വരുന്നത്. തീരപ്രദേശങ്ങളിലെല്ലാം പുലിമുട്ടുകൾ സ്ഥാപിക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അടിയന്തിര സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിവേദനം സമർപ്പിക്കുന്നതാണ്. കല്ലുകൾ നിറച്ച ഗാബിയോൺ ബാഗുകൾ സ്ഥാപിക്കുന്നതടക്കമുള്ള താൽക്കാലിക നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇറിഗേഷൻ വകുപ്പുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 18 കോടി രൂപ അനുവദിക്കാൻ

മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ശാശ്വത പരിഹാരമെന്ന നിലയിൽ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും താൽക്കാലിക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: കേരളത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ കടലാക്രമണം അതിരൂക്ഷമായി തുടരുകയും ജലനിരപ്പ് ഉയർന്ന് കര കടലെടുത്തു-കൊണ്ടിരിക്കുകയുമാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃ-ശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഒമ്പത് ജില്ലകളിലെയും തീരപ്രദേശങ്ങൾ വ്യാപകമായ കടലാക്രമണ ഭീഷണിയും കെടുതികളും നേരിട്ടു-കൊണ്ടിരിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ അനുവദിച്ച തുക വളരെ തുച്ഛമാ-ണ്. വേനൽമഴക്കാലത്ത് ആരംഭിച്ച കടലാക്രമണം ഇപ്പോഴും തുടരുകയാണ്. കട-ലാക്രണ ഭീഷണി നേരിടുന്നതിന് ശാശ്വതമായ പരിഹാരം കണ്ടെത്താൻ ഗവൺമെ-ന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സമൂഹത്തിൽ ഏറ്റവുമധികം ദുരിതമനുഭ-വിക്കുന്ന മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന്റെ ഉപജീവനമാർഗ്ഗം കടലുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിലാണ്. കേരളത്തിന് വിദേശനാണ്യം നേടിത്ത-രുന്ന ജനവിഭാഗങ്ങളുടെ കിടപ്പാടം സുരക്ഷിതമാക്കുന്നതിനുള്ള സൗകര്യം ചെയ്തു-കൊടുക്കാൻപോലും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. രൂക്ഷമായ കടലാക്രമണംമൂലം കടൽഭിത്തി തകരുന്ന സ്ഥിതിക്ക് ശാശ്വത പരിഹാരമുണ്ടാക്കണം. സുനാമി ദുരന്ത-

ത്തിനുശേഷവും യാതൊരു സുരക്ഷാ നടപടിയും സ്വീകരിച്ചിട്ടില്ല. കടലോരവാസികൾ ദരിദ്രരായി തുടരേണ്ടി വരുന്നത് മനുഷ്യാവകാശ ലംഘനമാണ്. കടലിൽനിന്ന് നിശ്ചിത അകലം പാലിച്ച് നിർമ്മിച്ചിരിക്കുന്ന വീടുകൾപോലും തകർന്നുകൊണ്ടിരിക്കുക യാണ്. കടൽത്തീരപ്രദേശം കൂടുതലുള്ള ആലപ്പുഴ ജില്ലയുടെ സ്ഥിതി അതീവ ഗുരുതരമാണ്. കടൽഭിത്തിയുടെ അറ്റകുറ്റപ്പണി നടത്താൻപോലും തയ്യാറാകാത്തത് അപലപനീയമാണ്. പുലിമുട്ടുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പഠനങ്ങൾ നടക്കുന്നതല്ലാതെ ശാശ്വത പരിഹാരം ഉണ്ടാകുന്നില്ല. കടലോരപ്രദേശ സംരക്ഷണത്തിനായി കല്ലടിച്ചുകൊണ്ടിരുന്ന കരാറുകാർക്ക് പണം അനുവദിക്കാത്തതിനാൽ കരാറുകാർ പിൻമാറിയിരിക്കുകയുമാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. കടലാക്രമണത്തിൽ റോഡ് തകരുകയും ശുദ്ധജല വിതരണ സംവിധാനവും വൈദ്യുതി വിതരണവും പാടെ നിലച്ചിരിക്കുകയുമാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം കടലെടുത്തുകൊണ്ടിരിക്കുന്നു. പട്ടിണിയും പരിവട്ടവുമായി കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണം. മത്സ്യത്തൊഴിലാളി മേഖല തകർച്ചയെ നേരിടുമ്പോൾ ചെറുവിരൽപോലും അനക്കാൻ സർക്കാർ തയ്യാറാകുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. ബഡ്ജറ്റിൽ പുലിമുട്ടുകൾക്കുവേണ്ടി

നീക്കിവച്ച തുക ചെലവഴിച്ചിട്ടില്ല. സി.ആർ.ഇസഡ് കാരണം മത്സ്യത്തൊഴിലാളികൾക്ക് തീരപ്രദേശത്ത് വീട് വയ്ക്കാൻ സാധിക്കുന്നില്ല. വീടുകൾ സംരക്ഷിക്കുന്നതിനും പുതിയ വീടുകൾ പണിയുന്നതിനും വീടുകൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ലക്ഷക്കണക്കിന് തീരദേശവാസികളുടെ ജീവൻ പന്താടുന്ന അതീവ ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ പി.ജെ. ജോസഫ്) ; കടലാക്രമണം തടയാൻ സ്ഥിരമായ സംവിധാനത്തിനുവേണ്ടി തീരപ്രദേശത്ത് പുലിമുട്ടുകളുടെ നിര തന്നെയുണ്ടാകണം. പുലിമുട്ടുകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി തീരുമാനമായിട്ടുണ്ട്. പുലിമുട്ടുകൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും തുക ലഭ്യമാകണം. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കണം. വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും വീടുകൾക്ക് കാര്യമായ നാശനഷ്ടം സംഭവിച്ചവർക്കും അടിയന്തരമായ സഹായം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റിന്റെ പ്രത്യേക യോഗം ചേർന്ന് അടി-

യന്തരമായി സഹായം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഉണ്ടായിക്കൊണ്ടിക്കുന്ന രൂക്ഷമായ കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പരമാവധി വലിയ കല്ലുകൾ ഇടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കുകൾ എല്ലായിടത്തും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. പുറക്കാട് പ്രശ്നത്തിൽ ഹൈലെവൽ കമ്മിറ്റി അടിയന്തരമായി യോഗംകൂടി ആക്ഷൻപ്ലാൻ തയ്യാറാക്കുന്നതാണ്. സൗജന്യ റേഷൻ നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ അത്യാവശ്യ കാര്യങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കടലാക്രമണത്തിൽ വീട് നഷ്ട്പ്പെട്ടവർക്ക് വീട് വച്ച് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി); കളക്ടർമാരിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ക്യാബിനറ്റ് കൂടി ചർച്ച ചെയ്യുകയും പതിനെട്ട് കോടി രൂപ അനുവദിക്കുകയും ചെയ്തു. വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കാനും സൗജന്യ റേഷൻ അനുവദിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കടലാക്രമണം തടയാൻ പരിമിതമായ നടപടികൾ സ്വീകരിക്കാൻ മാത്രമേ ഇപ്പോൾ സാധിക്കുകയുള്ളൂ. വൈദ്യുതബന്ധം പുന:സ്ഥാപിക്കാനും കുടിവെള്ളം താൽക്കാലികമായി ലോറികളിൽ

എത്തിക്കുന്നതിനും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിക്കാൻ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കടലാക്രമണത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളവർക്ക് ആശ്വാസമെത്തിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽനിന്നും 139 കോടി രൂപ കളക്ടർമാർക്ക് നൽകുകയും കുടിവെള്ളം, മരുന്ന് എന്നിവയുടെ വിതരണം, ബ്രിഡ്ജ് ഡാമേജസ് പരിഹരിക്കൽ തുടങ്ങിയവയ്ക്ക് തുക ചെലവഴിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കടലാക്രമണം നേരിടുന്നതിന് കളക്ടർമാർ ആവശ്യപ്പെട്ട പതിനെട്ടുകോടി രൂപ വെള്ളിയാഴ്ചതന്നെ റിലീസ് ചെയ്യുകയും കടലാക്രമണ ദുരതിബാധിതർക്ക് സൗജന്യ റേഷൻ നൽകാൻ തീരുമാനിക്കുകയും റേഷന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കടലാക്രമണം പ്രകൃതി ക്ഷോഭത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതാണ് ഏറ്റവും വലിയ ബുദ്ധിമുട്ട്. കടലാക്രമണം നേരിടുന്നതിനും അതിർത്തി സുരക്ഷ ഉറപ്പുവരുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിക്കും. പുലിമുട്ടുകൾ സ്ഥാപിക്കുകയെന്നത് ചെലവേറിയതാണെന്നു മാത്രമല്ല തുടർച്ചയായി പുലിമുട്ടുകൾ സ്ഥാപിച്ചാൽ മാത്രമേ ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളൂ. കടലാക്രമണം തടയുന്നതിന് പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് തുടർന്നും ആവശ്യപ്പെടുന്നതിനും ഈ വിഷയങ്ങൾ ചർച്ചചെയ്യുന്നതിന് ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടുന്ന-

തിനും ഗവൺമെന്റ് തയ്യാറാണ്. പൊതുഭരണ വകുപ്പിന്റെ ധനാഭ്യർത്ഥന ഇന്ന് സഭയിൽ ചർച്ചയ്ക്കുവരുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്യുതാനന്ദൻ, സി.ദിവാകരൻ, സി.കെ. നാണു എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കൽ

ശ്രീ. വി. റ്റി. ബൽറാം : സംസ്ഥാനത്ത് നെൽവയലുകളും നീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 2008-ൽ പാസാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് മൂന്ന് മാസത്തിനകം നെൽവയലുകൾ ഏതൊക്കെയെന്ന് കണ്ടെത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി നോട്ടിഫൈ ചെയ്യാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഐ.എസ്.ആർ.ഒ. പോലുള്ള ഏജൻസികളെ ഉപയോഗപ്പെടുത്തി ക്യൂക്ക്ബോർഡ് ഇമേജ് എന്ന

സാങ്കേതികവിദ്യയിലൂടെ നെൽവയലുകളുടെ കൃത്യമായ സാറ്റ് ലൈറ്റ് ഇമേജുകൾ ഉണ്ടാക്കാൻ കഴിഞ്ഞ വർഷം അനുവദിച്ച എട്ടു കോടി രൂപ ചെലവഴിച്ചിട്ടില്ല. ഈ നിയമം ഭേദഗതി ചെയ്യുന്നതിനുമുമ്പ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് മുൻഗണന നൽകണം. നികത്തിയ നിലങ്ങൾ തിരിച്ചുപിടിച്ച് മാതൃക സൃഷ്ടിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് വ്യാപകമായ ഭൂമി കയ്യേറ്റങ്ങളും അനധീകൃത പരിവർത്തനങ്ങളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധീകൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാർഡ് രൂപീകരിച്ചിട്ടുള്ളതിനുപുറമേ റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്ത പരിശോധന നടത്തിവരികയും ചെയ്യുന്നു. നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഇന്നുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) കള്ളുചെത്തു വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. ദാസൻ: സംസ്ഥാനത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കു വഹിച്ചിരുന്ന കള്ളുചെത്തു വ്യവസായം ഇന്ന് തകർച്ചയിലാണ്. ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ തൊഴിലാളിസമിതികൾക്ക് നൽകുന്നതിനുള്ള സർക്കാർ തീരുമാനം അടിയന്തരമായി നടപ്പാക്കണം. കള്ളിന്റെ സ്റ്റെങ്ത് കണക്കാക്കുന്ന രീതിയും ഒരു തെങ്ങിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ കള്ള് മാത്രമേ ഉല്പാദിപ്പിക്കാവൂ എന്നുള്ള വ്യവസ്ഥയും പുനഃപരിശോധിക്കണം. കള്ള് വ്യവസായത്തിന്റെ പുരോഗതിക്ക് ഒരു വികസന ബോർഡ് രൂപീകരിക്കണം. കള്ള് ചെത്തു വ്യവസായവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളെ നടത്തിപ്പിൽ നിന്ന് ഒഴിവാക്കി സ്വകാര്യ കരാറുകാരെ ഏൽപ്പിച്ച നടപടി പുനഃപരിശോധിക്കണം. മായം ചേർക്കാത്ത കള്ളിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ പുറമ്പോക്കുകളിൽ അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പാലക്കാട് ജില്ലയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേയ്ക്ക് കള്ള് കൊണ്ടുപോകുന്നതിന് അനുവാദം നൽകണം. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ കള്ളുചെത്തു വ്യവസായവുമായി ബന്ധപ്പെട്ട ശുപാർശകൾ നടപ്പിലാക്കണം. കള്ള് വ്യവസായ തൊഴിലാളിക്ഷേമനിധി ബോർഡിൽ നിന്ന് ട്രഷറിയിലേക്ക് മാറ്റിയ തുകയ്ക്ക് ബാങ്ക് പലിശ ലഭ്യമാക്കുന്നതിനും അത് സംബന്ധിച്ച കരാറുണ്ടാക്കുന്നതിനും നടപടി

സ്വീകരിക്കണം. കള്ളുചെത്തു മേഖലയിൽ ഗവൺമെന്റ് രൂപീകരിക്കുന്ന ഉപദേശക സമിതികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുന്നതിന് തയ്യാറാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ കള്ളുചെത്തു വ്യവസായത്തെ സംരക്ഷിക്കുന്നതിനും മായം ചേർക്കാത്ത കള്ളിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി വില്പന നടത്തുന്നതിന് മൂന്നു വർഷത്തേയ്ക്ക് ഒരുമിച്ച് ലൈസൻസ് കൊടുക്കുന്നതിനും തൊഴിലാളി യൂണിയനുകളുടെ ആവശ്യപ്രകാരം തൃശ്ശൂർ താലൂക്കിലെയും കൊടുങ്ങല്ലൂർ റെയ്ഞ്ചിലെയും കള്ളുഷാപ്പുകൾ റെയിഞ്ചടിസ്ഥാനത്തിൽ വില്പന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ നിബന്ധനകളിൽ ഇളവുനൽകി തൊഴിലാളി സമിതികളെ എൽപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. കള്ളുചെത്തു മേഖലയുടെ സംരക്ഷണത്തിനായി നീര ഉല്പാദിപ്പിക്കുന്നതിന് അനുവാദം നൽകുന്നതിനും വീര്യം കൂടിയ ഇൻഡ്യൻ വിദേശമദ്യത്തിന്റെ അമിതവ്യാപനം തടയുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നീര കോക്കനട്ട് ബോർഡ് രൂപീകരിക്കുന്നതിനുള്ള തീരുമാനം ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്. കള്ളുഷാപ്പുകൾ അടച്ചിട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഓണക്കാലത്ത് സർക്കാർ എക്സ്ഗ്രേഷ്യ അനുവദിച്ചിരുന്നു. കള്ളിന്റെ സ്റ്റെങ്ങ്ത്തിൽ മാറ്റം വരുത്തുന്ന കാര്യവും

ഒരു തെങ്ങിൽ നിന്ന് ഒന്നര ലിറ്റർ കള്ള് എന്ന് നിജപ്പെടുത്തുന്ന വ്യവസ്ഥയും സർക്കാർ നിയോഗിച്ച സമിതികളുടെ പഠനം പൂർത്തിയാവുന്ന മുറയ്ക്ക് പുനഃപരിശോധിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേയ്ക്ക് കള്ള് കൊണ്ടുപോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരമാണ് നടത്തിപ്പിൽ നിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കിയത്. ബാങ്ക് പലിശ ഉറപ്പുവരുത്തിക്കൊണ്ടാണ് ക്ഷേമനിധിയിൽ നിന്ന് സർക്കാർ വായ്പ എടുത്തിട്ടുള്ളത്. കള്ള്ചെത്തു മേഖലയുടെ സുഗമമമായ പ്രവർത്തനത്തിന് സംസ്ഥാന-ജില്ല-റെയിഞ്ച് തലങ്ങളിൽ രൂപീകരിക്കുന്ന ഉപദേശക സമിതികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സബ്മിഷൻ**

## (1) എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രശ്നങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചായത്ത് അതിർത്തി ബാധകമാക്കാതെ സഹായം നൽകുമെന്ന ഉറപ്പ് പാലിക്കപ്പെടാത്തതിനെത്തുടർന്ന് കാസർഗോഡ്-ചെറുവത്തൂർ പഞ്ചായത്തിലെ ഒരു കുടുംബത്തിൽപ്പെട്ട മൂന്നുപേർ ആത്മഹത്യ ചെയ്യുകയുണ്ടായി. അതിനാൽ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടന്ന ചർച്ചയിൽ ഉയർന്നുവന്ന തീരുമാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുകയും അവരുടെ ലോണിന്

നൽകിയിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടിനൽകുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനെടുത്ത തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും. ദുരിതബാധിതർക്കുള്ള രണ്ടാം ഗഡു ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ട്. ആത്മഹത്യ ചെയ്ത കുടുംബം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽപ്പെടാത്തതിനാലാണ് ധനസഹായം നൽകാത്തത്. ദുരിതബാധിതരുടെ പട്ടികയിൽ കൂടുതൽ ആൾക്കാരെ ഉൾപ്പെടുത്തുന്നതിനായി വീണ്ടും ക്യാമ്പ് നടത്തുന്നതാണ്. ദുരിതബാധിതരുടെ ലോണിന് നൽകിയിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി വീണ്ടും നീട്ടിയിട്ടുണ്ട്. കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

## (2) ആർ.എസ്.പി. ഓഫീസിനുനേരെയുണ്ടായ ആക്രമണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഇക്കഴിഞ്ഞ 12-ാം തീയതി രാത്രി ആർ.എസ്.പി.-യുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫീസിനുനേരെ ആക്രമണം നടത്തിയ കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ കല്ലുവാതുക്കലിന് സമീപമുള്ള ആർ.എസ്.പി. ജില്ലാ കമ്മിറ്റി ഓഫീസ്

12-06-2014-ന് രാത്രി സാമൂഹ്യ വിരുദ്ധർ അടിച്ചുതകർക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിനെത്തുടർന്ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ആലപ്പുഴ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അഞ്ചംഗ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുകയും സ്ഥലത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (3) ആദിവാസി ബാലികയുടെ കൊലപാതകം

ശ്രീമതി കെ.എസ്. സലീഖ: പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിലെ മീനാക്ഷിപുരത്ത് പതിനൊന്ന് വയസ്സായ മണിമേഖല എന്ന ആദിവാസി ബാലികയെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ റിമാന്റിൽ കഴിയുന്ന ശെന്തിൽവേൽ ഗൗണ്ടർക്ക് ജാമ്യം അനുവദിക്കരുതെന്നും കൊല്ലപ്പെട്ട ബാലികയുടെ കുടുംബത്തെ ഭീഷണിപ്പെടുത്തുന്നവർക്കെതിരെ കേസ്സെടുക്കണമെന്നും നിരാലംബരായ ആദിവാസി കുടുംബത്തിന് സർക്കാർ ജോലിയും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാലക്കാട് ചിറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മീനാക്ഷിപുരത്ത് ശെന്തിൽവേൽ എന്ന ഭൂവുടമയുടെ തോട്ടത്തിൽ താമസിച്ച് പണിയെടുത്തുവന്ന ആദിവാസി സമുദായത്തിൽപ്പെട്ട സെൽവരാജിന്റെ മകൾ പതിനൊന്ന് വയസ്സുള്ള മണിമേഖലയുടെ മരണവുമായി ബന്ധപ്പെട്ട് കുട്ടിയുടെ മാതാവിന്റെ സഹോദരനായ ഗോപകുമാറിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസന്വേഷണം ചിറ്റൂർ പോലീസ് ഇൻസ്പെക്ടർ ഏറ്റെടുത്തിട്ടുണ്ട്. അന്വേഷണത്തിൽ ഭൂവുടമയായ ശെന്തിൽവേലാണ് കൊലപാതകം നടത്തിയതെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുകയും 13-06-14 വരെ റിമാന്റ് ചെയ്യുകയും ചെയ്തു. കൊല്ലപ്പെട്ട ബാലിക ആദിവാസി മലയ വിഭാഗത്തിൽപ്പെട്ടതായതിനാൽ എസ്.സി/എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം പാലക്കാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. റിമാന്റിലായ പ്രതിയെ പോലീസ് കസ്റ്റഡിയിൽ നടത്തിയ വിശദമായ ചോദ്യം ചെയ്യലിൽ ബലാൽസംഗം ചെയ്തശേഷം ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയതാണെന്ന് സമ്മതിച്ചി-

ട്ടുണ്ട്. 13-06-2014-ന് അവസാനിച്ച പ്രതിയുടെ റിമാന്റ് കാലാവധി 26-06-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട ബാലികയുടെ കുടുംബത്തെ ഭീഷണിപ്പെടുത്തുന്നുവെന്നതു സംബന്ധിച്ചും അന്വേഷണം നടത്തുന്നതാണ്. നിയമപരമായി ലഭിക്കേണ്ട മുഴുവൻ ആനുകൂല്യവും കുടുംബത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കുന്നംകുളം മണ്ഡലത്തിലെ ക്രമസമാധാന പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നഗരസഭാ/ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ മാലമോഷണവും വീടുകളും സ്ഥാപനങ്ങളും കുത്തിത്തുറന്നുള്ള കവർച്ചയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനും ഊർജ്ജിത അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുന്നതിനും പ്രത്യേക പോലീസ് സംവിധാനമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടാതെ സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ക്ഷേത്രങ്ങളിലും വീടുക-

ളിലും മാവേലി സ്റ്റോറിലും മോഷണം നടത്തിയതും മാലപൊട്ടിക്കലുമായും ബന്ധപ്പെട്ട് 2014-ൽ റിപ്പോർട്ട് ചെയ്ത കേസ്സുകളുടെ അടിസ്ഥാനത്തിൽ 6 പ്രതികളെ കണ്ടെത്തുകയും രണ്ടര പവൻ സ്വർണ്ണാഭരണം വീണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് കേസ്സുകളിലെ പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമം നടത്തുകയാണ്. കു-ന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂൾ പരിസരങ്ങളിൽ പുകയില ഉല്പന്ന-ങ്ങളും ലഹരി പദാർത്ഥങ്ങളും വില്പന നടത്തിയതിന് 11 പേർക്കെതിരെ സർക്കാരി-ന്റെ ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി കേസ്സെടുത്തിട്ടുണ്ട്. കുന്നംകുളത്ത് ഗ്രാമവഴികളിലും മറ്റും സദാസമയവും പോലീസ് പട്രോളിംഗ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസിംഗിലൂടെയും ജനങ്ങളുടെ സഹക-രണത്തോടെയും കൂട്ടായ്മകളും ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കേസ്സുകളിലുൾപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

### (5) <u>തീരദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> തീരദേശ പരിപാലന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ കേന്ദ്ര

സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന ആവശ്യം ഉന്നയിച്ച് മുൻ കേന്ദ്രമന്ത്രിക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിരുന്നു. ഇക്കാര്യം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## (6) പെട്രോൾ ക്ഷാമം

ശ്രീ. പി. എ. മാധവൻ : സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ പെട്രോൾക്ഷാമം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനാവശ്യ-മായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊച്ചിൻ റിഫൈനറിയിൽ നിന്ന് ആവശ്യത്തിന് പെട്രോൾ ലഭിക്കുന്നുണ്ട്. പെട്രോൾ കുറവാണെന്ന കുപ്രചരണ-ത്തിന്റെയടിസ്ഥാനത്തിൽ ഉണ്ടായ ഡിമാന്റാണ് ഈ ആശങ്കയ്ക്ക് കാരണമായത്. ഈ പ്രചരണം അടിസ്ഥാനരഹിതമാണ്. ഇതുസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടുമി-ല്ലെന്നാണ് സർക്കാരിന് കിട്ടിയ വിവരം.

## (7) റാഗിംഗ്

ശ്രീ. ബി. ഡി. ദേവസ്സി : ബാംഗ്ലൂരിലെ സോലഡേവനഹള്ളിയിലെ ആചാര്യ പോളിടെക്നിക് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന അഹബ് ഇബ്രാഹിം ക്രൂരമായ റാഗിംഗിന് വിധേയമായി മരണമടഞ്ഞതിന് ഉത്തരവാദികളായവരെ ശിക്ഷിക്കുന്നതിനും കുടുംബത്തിന് ആവശ്യമായ ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബാംഗ്ലൂരിലെ സോലഡേവനഹള്ളിയിലെ ആചാര്യ പോളിടെക്നിക് എഞ്ചിനീയറിംഗ് കോളേജിലെ അഹബ് ഇബ്രാഹിം എന്ന വിദ്യാർത്ഥി ക്രൂരമായ റാഗിംഗിന് വിധേയമായി മരണപ്പെട്ടതുസംബന്ധിച്ച് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് കർണ്ണാടക സംസ്ഥാനത്തിന് കൈമാറുകയുണ്ടായി. ഇതിലെ തുടർനടപടികളെപ്പറ്റി കർണ്ണാടക സർക്കാരിനോട് ആരായുന്നതോടൊപ്പം അദ്ദേഹത്തിന്റെ കുടുംബത്തിന് സാമ്പത്തികസഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## (8) കെ.എസ്. ഇ. ബി.യിലെ പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ്

ശ്രീ. കെ. മുരളീധരൻ : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാർക്ക് സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടേതിന് തുല്യമായ മെഡിക്കൽ അലവൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പേ കമ്മീഷൻ റിപ്പോർട്ട് ബാധകമാകാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിലും ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ് ഉള്ളത്.

## (9) കെ. കെ. ഷുക്കൂറിന്റെ തിരോധാനം

ശ്രീ. അൻവർ സാദത്ത് : 17 വർഷമായി സൗദി അറേബ്യയിൽവച്ച് കാണാതായ ആലുവ മണ്ഡലത്തിലെ ഇടയപ്പുറം നിവാസിയായ കെ. കെ. ഷുക്കൂർ എന്ന യുവാവിനെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ആലുവ മണ്ഡലത്തിലെ കൊട്ടുവത്ത് ഹൗസ്, ഇടയപ്പുറം നിവാസിയായ കെ. കെ. ഷുക്കൂർ എന്ന യുവാവ് 13-10-1997-ൽ ഖത്തറിൽ പോകുകയും 27-11-1999- ൽ ഖത്തറിൽനിന്നും സൗദി അറേബ്യയിൽ പോയെങ്കിലും പിന്നീട് അദ്ദേഹത്തെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. അതുസംബന്ധിച്ച് അദ്ദേഹത്തിന്റെ മാതാവ് മനുഷ്യാവകാശകമ്മീഷനും സർക്കാരിനും പരാതി സമർപ്പിക്കുകയുണ്ടായി. ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിലെ ഇന്ത്യൻ എമ്പസ്സികളേയും വിദേശ്യകാര്യവകുപ്പിനെയും വിവരം അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. സർക്കാർ ഒരിക്കൽക്കൂടി ഈ വിവരം

ബന്ധപ്പെട്ട കേന്ദ്രമന്ത്രിയേയും സൗദിയിലെയും ഖത്തറിലെയും അമ്പാസിഡർ മാരെയും അറിയിക്കുന്നതാണ്. ഇക്കാര്യത്തിൽ സൗദി സർക്കാരിന്റെ സഹകരണം അത്യാവശ്യമാണ്. ഇതിൽ സർക്കാരിന് ചെയ്യാനാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## (10) കനാൽ ശുചീകരണം

ഡോ. ടി. എം. തോമസ് ഐസക് : ആലപ്പുഴ കനാലുകളുടെയും തോടുകളുടെയും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ആലപ്പുഴ നഗരത്തിലെ പ്രധാനപ്പെട്ട ഒമ്പത് കനാലുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകി പ്രവൃത്തി നടന്നുവരികയാണ്. കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റ് മാലിന്യങ്ങളും നീക്കംചെയ്യുന്നതിന് കരാർ നൽകുകയും പോള നീക്കംചെയ്യുന്നതിനുള്ള പ്രവൃത്തി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടമായി ആലപ്പുഴ നഗരത്തിലെ 104 അനുബന്ധ കനാലുകളുടെ ശുചീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും

എം.എൽ.എ.യുടേയും യോഗം വിളിച്ചുചേർക്കുന്നതാണ്.

## (11) നെന്മാറ സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്താനും ആവശ്യമായ ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫിന്റേയും തസ്തിക സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവ-കുമാർ): ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഏഴ് ഗ്രാമപഞ്ചായ-ത്തുകളിലെ ജനങ്ങളുടെ ഏക ആശ്രയമായ നെന്മാറ സി.എച്ച്.സി.യിൽ കിടത്തി ചികിത്സാ സൗകര്യം, ഓപ്പറേഷൻ തീയറ്റർ, കണ്ണ് പരിശോധന സൗകര്യം, ലബോ-റട്ടറി, എക്സ്റേ, മോർച്ചറി, പോസ്റ്റുമോർട്ടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും രണ്ട് സിവിൽ സർജന്മാരും ആറ് അസിസ്റ്റൻറ് സർജൻമാരും ഉൾപ്പെടെ അൻപ-ത്തിയഞ്ച് തസ്തികകളുമുള്ള പ്രസ്തുത സ്ഥാപനത്തെ താലൂക്കാശുപത്രിയായി ഉയർ-ത്താവുന്നതാണെന്ന ഡി.എച്ച്.എസ്.-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർ-ക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (12) ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത

<u>ശ്രീ. എ. റ്റി. ജോർജ്</u>: എസ്.ഐ.യു.സി. നാടാർ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ലത്തീൻ കത്തോലിക്ക സമുദായംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണ മാനദണ്ഡത്തിൽ ഇളവ് വരുത്തിയതുപോലെ ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി എസ്.ഐ.യുസി. പ്രസിഡന്റ് എന്ന നിലയിൽ ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി അംഗീകരിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽകുമാർ)</u>: റവന്യൂ അധികാരികളുടെ പ്രാദേശിക അന്വേഷണവും പരിശോധനയും കൂടാതെ മതസമുദായ സംഘടനകളുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകിയാൽ സംവരണാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങളെല്ലാം സമാന ആവശ്യമുമായി മുന്നോട്ടുവരികയും അർഹരല്ലാത്തവർ ആനുകൂല്യം കൈപ്പറ്റുന്ന സാഹചര്യം സംജാതമാകുകയും ചെയ്യും. എസ്.ഐ.യു.സി. ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റ്

അംഗീകരിച്ചുകൊണ്ട് വില്ലേജ് ഓഫീസർ  ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശം വിശദമായ പഠനങ്ങൾക്കും പരിശോധനയ്ക്കുംശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

## (13) ഏകാധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് സ്ഥിരനിയമനം

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> കേരള എഡ്യൂക്കേഷൻ റൂൾസിൽ ഭേദഗതി വരുത്തി എൽ.പി. സ്കൂളുകളാക്കി ഉയർത്തിയ ഏകാധ്യാപക സ്കൂളുകളിലെ എഡ്യൂക്കേഷൻ വോളന്റിയർമാരുടെ ജോലിസ്ഥിരത ഉറപ്പാക്കാനും മാനുഷിക പരിഗണ നൽകി ശമ്പളം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദുറബ്ബ്):</u> സംസ്ഥാനത്ത് പ്രവർ-ത്തിച്ചുക്കൊണ്ടിരിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങളെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എൽ.പി./യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഏകാധ്യാപക വിദ്യാലയങ്ങളിൽ സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള 111 വിദ്യാലയങ്ങളെ ലോവർപ്രൈമറി സ്കൂളുകളാക്കി ഉയർത്താൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ദിവസ വേതനാടി-

സ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ഏകാദ്ധ്യാപക സ്കൂളുകളിൽ ജോലി ചെയ്യുന്നവരുടെ ജോലിസുരക്ഷ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (14) സൗജന്യ യൂണിഫോം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സംസ്ഥാനത്തെ സ്കൂളുകളിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്കുകൂടി സൗജന്യ യൂണിഫോം നൽകാൻ നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ.വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് എസ്.എസ്.എ. മുഖേന ഫണ്ട് അനുവദിക്കുന്നത്. ഇതേ മാനദണ്ഡമനുസരിച്ചാണ് എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ യൂണിഫോം വിതരണം ചെയ്തത്. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം

മാനദണ്ഡത്തിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് ഇക്കാര്യം പുന:പരിശോധിക്കുന്നതാണ്.

## (15) പുതിയ വിദ്യാഭ്യാസ ജില്ല

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി നടപ്പ് അധ്യയന വർഷം പുതിയ ഓഫീസ് യാഥാർത്ഥ്യമാക്കാൻ നടപടിയുണ്ടാകണം. ഓഫീസിന്റെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ധനകാര്യ വകുപ്പ് അനുഭാവപൂർവ്വം പരിഗണിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): പത്തനംതിട്ട ജില്ലയിൽ അടൂർ ആസ്ഥാനമായി ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ നൂറിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നതുമൂലം ഓഫീസിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അടൂർ, പന്തളം വിദ്യാഭ്യാസ ഉപജില്ലകളെ ഉൾപ്പെടുത്തി അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിച്ച് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പിരിധിയിൽ വരുന്ന ഹൈസ്കൂളിനെക്കൂടി ഉൾപ്പെടുത്താവുന്നതാണെന്ന ശുപാർശ ലഭിച്ചിട്ടുണ്ട്. നിയുക്ത ജില്ലാ വിദ്യാ-

ഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്താമെന്നാണ് ഉദ്ദേശിക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ പുതിയ പോസ്റ്റുകൾ കൂടി സൃഷ്ടിക്കേണ്ടതുണ്ട്. പൊതു-വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ധനകാര്യം

## 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) ; താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II-സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന

ഉദ്യോഗസ്ഥൻമാർ ( 345,61,59,000 രൂപ)

**ധനാഭ്യർത്ഥന നമ്പർ III- നീതിന്യായ നിർവ്വഹണം**.(323,08,79,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി.മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ കെ.എം. മാണി): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ, ഇ. ചന്ദ്രശേഖരൻ, പുരുഷൻ കടലുണ്ടി, വി. ശശി, എ. പ്രദീപ് കുമാർ, ആർ. രാജേഷ്, കെ. രാധാകൃഷ്ണൻ, ജി.എസ്. ജയലാൽ, ഇ.കെ. വിജയൻ, ശ്രീ. സി. കൃഷ്ണൻ, ജി. സുധാകരൻ, സി. ദിവാകരൻ, കെ.കെ. നാരായണൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, ബി. സത്യൻ, പി. ശ്രീരാമകൃഷ്ണൻ, രാജു എബ്രഹാം, ബി.ഡി. ദേവസ്സി, എളമരം കരീം, പി.കെ.

ഗുരുദാസൻ, കെ.കെ.ജയചന്ദ്രൻ, ഇ.പി. ജയരാജൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എ.എം.ആരിഫ്, ബാബു എം. പാലിശ്ശേരി, എ.കെ. ബാലൻ, എം.ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, എസ്. ശർമ്മ, സി.കെ. സദാശിവൻ, പി. തിലോത്തമൻ, ശ്രീമതിമാർ കെ.കെ ലതിക, ഗീതാ ഗോപി, കെ.എസ്. സലീഖ, പി. അയിഷാ പോറ്റി, ഇ.എസ്. ബിജിമോൾ, ഡോ.ടി.എം. തോമസ് ഐസക്, ഡോ.കെ.ടി ജലീൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു)

ശ്രീ. ഇ.പി. ജയരാജൻ; ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ സാമ്പത്തിക നയങ്ങൾ വിനാശകരവും പൊതുമേഖലയെ നശിപ്പിക്കുന്നതുമാണ്. നിസ്സാര സംഭവങ്ങൾ വർഗ്ഗീയവൽക്കരിക്കുന്നതുമൂലം രാജ്യത്ത് വർഗ്ഗീയ കലാപങ്ങൾ സൃഷ്ടിക്കുന്നു. പരോക്ഷമായി ബി.ജെ.പി.സർക്കാരിനെ സ്തുതിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ നിലപാട് രാജ്യത്തിന് ഗുണം ചെയ്യില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, പവർകട്ട് തുടങ്ങിയവമൂലം ജനജീവതം ദുഃസ്സഹമായിരിക്കുന്നു. ആരോഗ്യം, പൊതുവിതരണം തുടങ്ങിയ മേഖലകൾ താറുമായി കിടക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന നയങ്ങൾ ജനവിരുദ്ധവും വിദ്യാ-

ഭ്യാസ നിലവാരം തകർക്കുന്നവയുമാണ്. രാഷ്ട്രീയ താത്പര്യത്തിനുവേണ്ടി പോലി-സിനെ വഴിവിട്ട് ഉപയോഗിക്കുകയാണ്. പൊതുമേഖലാ വ്യവസായങ്ങളും പരമ്പരാ-ഗത വ്യവസായങ്ങളും തകർച്ചയിലാണ്. എൻഡോസൾഫാൻ വിഷയത്തിൽപ്പോലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. നാല് ഡാമുകൾ സം-സ്ഥാനത്തിന് നഷ്ടപ്പെടുന്ന അവസ്ഥയാണ്. സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർ-ദ്ധിക്കുകയും ജനതാത്പര്യങ്ങൾ തകർക്കപ്പെടുകയും വികസനപ്രവർത്തനങ്ങൾ മുര-ടിക്കുകയുമാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണത്തിന്റെ പോരായ്മകൊണ്ടോ സാമ്പത്തിക നയങ്ങളുടെ പ്രശ്നങ്ങൾകൊണ്ടോ അല്ല മറിച്ച് സാമ്പത്തിക രംഗത്തെ മാറ്റങ്ങളെക്കുറിച്ചും ആഗോളപ്രതിഭാസങ്ങളെക്കുറിച്ചും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് കോൺഗ്രസ്സിന് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയമുണ്ടായത്. രാഷ്ട്രീയ കക്ഷികൾ തമ്മിൽ മത്സരിക്കുമ്പോൾ അതിന്റെ ഗുണം വർഗ്ഗീയ കക്ഷികളുടെ കയ്യിലെത്താതിരിക്കാൻ നോക്കണം. വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ എല്ലാവരുടെയും സഹായമുണ്ടാകണം.

<u>ശ്രീ. സി. ദിവാകരൻ:</u> ധാനഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പാസ്സാക്കിയ തുക ചെലവഴിക്കുകയോ നികുതികൾ പൂർണ്ണമായി പിരിച്ചെടുക്കുകയോ

ചെയ്തിട്ടില്ല. നികുതി പിരിവ് പരാജയമാണെന്ന് സി&എ.ജി അഭിപ്രായപ്പെട്ടിരിക്കുന്നു. വർഗ്ഗീയതയ്ക്കെതിരെ ഒറ്റക്കെട്ടായി പോരാടണം. തിരുവനന്തപുരം നഗരം സാമൂഹ്യവിരുദ്ധരുടെ കൈയിൽ അമരുകയും നാല് മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുകയും പോലീസുകാരിൽ ഒരു വിഭാഗം ക്രിമിനലുകളാണെന്ന് കണ്ടെത്തുകയും ചെയ്ത സംസ്ഥാനത്ത് ക്രമസമാധാനം തകരുകയാണ്. കേരളത്തിന്റെ തീരപ്രദേശങ്ങൾ പട്ടിണിയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്ജും, വെള്ളക്കരവും ബസ് ചാർജ്ജും കുത്തനെ വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റിന്റെ കാലത്തെ 3,88,470 ഫയലുകൾക്ക് തീർപ്പുകൽപ്പിക്കാത്തതിനാൽ സംസ്ഥാനത്ത് ഭരണസ്തംഭനം നേരിടുകയാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാനം വിട്ടുപോകുന്നു. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് ഇപ്പോൾ ഒരു അഗ്നിപർവ്വതം പോലെയാണ്. മന്ത്രിമാർ ഇടുന്ന ഉത്തരവുകൾ ഉദ്യോഗസ്ഥർ തിരുത്തുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പണി കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുകയാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കാത്തതിനാലും കോൺട്രാക്ടർമാരുടെ കുടിശ്ശിക തീർക്കാത്തതിനാലും നിയമസഭാ മണ്ഡലങ്ങളിൽ റോഡ് പണി നടക്കുന്നില്ല. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. പരമ്പരാഗത വ്യവസായ മേഖലയിൽ ഗവൺമെന്റ് ശക്തമായി ഇടപെടുകയും

തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുകയും വേണം.

ശ്രീ. പി. കെ ബഷീർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2009 മുതൽ 2014 വരെ നടന്ന തെരഞ്ഞെടുപ്പുകളിലൊന്നിലും വിജയിക്കുന്നതിന് എൽ.ഡി.എഫ്.-ന് സാധിച്ചിട്ടില്ല. ജനങ്ങളുടെ ഇടയിൽ നിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന എൽ.ഡി.എഫ്.-ന് സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന കാര്യത്തിൽപ്പോലും വീഴ്ചസംഭവിച്ചു. സർക്കാരിനെതിരെ അനാവശ്യസമരങ്ങൾ നടത്തിയ പ്രതിപക്ഷത്തിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ദുരന്ത നിവാരണസേന ശക്തിപ്പെടുത്തുന്നതിനും ഫയർ റെസ്ക്യൂ സംവിധാനങ്ങൾ നവീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി കേന്ദ്രഫണ്ട് പ്രയോജനപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. മരാമത്ത് കരാറുകാരുടെ കുടിശ്ശിക തീർത്ത് വികസനം കൂടുതൽ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കണം. വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അനാവശ്യച്ചെലവുകൾ ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണം.

ശ്രീ. മാത്യൂ ടി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതികൾക്കുവേണ്ടി അനുവദിക്കപ്പെടുന്ന തുക ചെലവാക്കുന്ന കാര്യത്തിൽ

സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. നെല്ലിന്റെ സംഭരണ വില നെൽക്കർഷകന് ലഭിക്കുന്നില്ല. കുളമ്പുരോഗവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച ധനസഹായം ക്ഷീരകർഷകർക്ക് നൽകുന്നില്ല. കുടിശ്ശിക നൽകാത്തതുകാരണം മരാമത്ത് വകുപ്പിലും വാട്ടർ അതോറിറ്റിയിലും കരാറുകാർ പുതിയ പണികൾ ഏറ്റെടുക്കുന്നില്ല. വിലക്കയറ്റവും വൈദ്യുതി പ്രതിസന്ധിയും രൂക്ഷമായിരിക്കുന്നു. ആയിരക്കണക്കിന് കോടിരൂപയുടെ റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാരിന് കഴിയുന്നില്ല. വിവിധ വകുപ്പുകളിലായി പതിനായിരക്കണക്കിന് ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നു. സമസ്തമേഖലകളിലും സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ സംസ്ഥാനം വിട്ടുപോകുന്നു. വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് മന്ത്രിമാർക്കുപോലും അറിയാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ കേന്ദ്രസർക്കാരിനെ ധരിപ്പിക്കുന്ന കാര്യത്തിൽപ്പോലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണം നിഷ്പക്ഷമായി വിലയിരുത്തുന്നവർക്ക് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ സാധിക്കില്ല. ഗവൺമെന്റിന്റെ 'കരുതലും വികസനവും' എന്ന മുദ്രാവാക്യം കേരളീയ ജനസമൂഹം ഏറ്റെടുത്തുകഴിഞ്ഞു. നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ നയപരമായും ജനോപകാരപ്രദമായും

പരിഹരിച്ചെടുക്കുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ മുന്നിലാണ്. മിഷൻ 676-ൽ പ്രഖ്യാപിച്ചിരിക്കുന്ന നവരത്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞാൽ സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. മിഷൻ 676-ൽ കാർഷിക മേഖലയുടെ വികസനത്തിനുള്ള സമഗ്ര പദ്ധതികൂടി ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കണം. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് ജനജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. കടലോര മേഖലയിലെ ജനജീവിതത്തെ ബാധിക്കുന്ന സി.ആർ.ഇസഡ്. നിയമവും മലയോര മേഖലയിലെ ജനജീവിതത്തെ ബാധിക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ടും പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ ന്യൂനപക്ഷ പ്രീണനമുണ്ടാകാതിരിക്കാൻ മുഴുവൻ രാഷ്ട്രീയ കക്ഷികളും ശ്രദ്ധിക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വകുപ്പുകളുടെ ഏകോപനമില്ലായ്മ മുഖമുദ്രയാക്കിയ സർക്കാരാണിത്. മുല്ലപ്പെരിയാറടക്കമുള്ള നാല് ഡാമുകൾ തമിഴ്നാടിന്റെ ലിസ്റ്റിലായത് മന്ത്രിമാർ അറിയാതെ പോയത് ഇതിന് തെളിവാണ്. ആഴ്ചയിൽ മൂന്ന് ദിവസംപോലും ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെത്തി

ഫയലുകൾ പരിശോധിക്കുന്നതിന് മന്ത്രിമാർ തയ്യാറാകുന്നില്ല. ജനവിരുദ്ധ നയങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. തെറ്റായ സാമ്പത്തിക നയങ്ങൾ തിരുത്താൻ കോൺഗ്രസ് തയ്യാറാകണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദിശാബോധമില്ലാത്ത സർക്കാരാണിത്. ഈ സർക്കാരിന് രാഷ്ട്രീയമായ പ്രത്യയശാസ്ത്രമില്ല. ആശയദൃഢത, ദിശാബോധം, ജീവിതപരിരക്ഷ എന്നിവ ഉറപ്പുവരുത്താതെയും വ്യക്തമായ നയമില്ലാതെയുമാണ് സർക്കാർ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. അനാഥാലയങ്ങളുടെ സംരക്ഷണമോ കൃത്യമായൊരു മദ്യനയമോ സർക്കാർ ഉറപ്പുവരുത്തുന്നില്ല. 'ഓപ്പറേഷൻ കുബേര'യിലൂടെ ബ്ലേഡ് മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കുന്ന സർക്കാർ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. പെൻഷൻ പ്രായം കൂട്ടില്ലെന്ന് പറയുന്നുണ്ടെങ്കിലും ഓരോ ഡിപ്പാർട്ടുമെന്റിലായി പെൻഷൻപ്രായം കൂട്ടിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീക്കെതിരല്ലെന്നുപറയുന്ന സർക്കാർ ജനശ്രീയെ വളർത്താനാണ് ശ്രമിക്കുന്നത്. പാവങ്ങളുടെ പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കേണ്ട ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നില്ല. കേരളാ കേഡറിലെ ഐ.എ.എസ്.കാരിൽ ഭൂരിഭാഗവും ഡെപ്യൂട്ടേഷനിലായതിനാൽ ഉള്ളവർക്ക് അധിക ചുമതലകൾ നൽകിയതുമൂലം സർക്കാർ

സംവിധാനം ദുർബ്ബലപ്പെട്ടിരിക്കുകയാണ്. യാതൊരു മാനദണ്ഡവുമില്ലാതെ മനുഷ്യത്വരഹിതമായ സ്ഥലമാറ്റമാണ് പഞ്ചായത്തുകളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവയൊന്നും പ്രാവർത്തികമാക്കുന്നില്ല. എമർജിംഗ് കേരള, സീപ്ലെയിൻ, ഐ.ഐ.റ്റി. വിഴിഞ്ഞംപദ്ധതി, ഇടുക്കി ക്ഷീരജില്ലയായി പ്രഖ്യാപിക്കൽ, നിബിഡവന ആദിവാസി പുനരധിവാസപദ്ധതി, മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ, ഗെയിൽ പൈപ്പ്ലൈൻ പദ്ധതി, മഹിളാകിസാൻ ശാക്തീകരണം, എയർസ്ട്രിപ്പ്, തുടങ്ങിയവയൊക്കെ സർക്കാരിന്റെ സ്വപ്ന പദ്ധതികളാവുകയാണ്. കരാറുകാർക്ക് പണം കൊടുക്കാതെ കരാർ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇത്തരത്തിൽ കേരളത്തിലെ ജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത, നയവുമില്ലാത്ത ഒരു സർക്കാരാണിതെന്ന കാര്യത്തിൽ തർക്കമില്ല..

ശ്രീ. സി. പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. അഭിമാനകരമായ നേട്ടങ്ങളിലൂടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ദേശീയ തലത്തിൽ കോൺഗ്രസ് ജനവിശ്വാസം വീണ്ടെടുത്ത് പ്രബല ശക്തിയായി അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. മതേതരത്വ

ആശയം മുൻനിറുത്തി പ്രവർത്തിക്കുകയെന്നതാണ് കോൺഗ്രസ്സിന്റെ ആപ്തവാക്യം. ത്യാഗസമ്പന്നമായ പൊതുജീവിതം നയിച്ച പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. കൊലപാതകവും അക്രമരാഷ്ട്രീയവും മുഖമുദ്രയാക്കിയ സി.പി.ഐ.(എം.)-ന് ഇനി രക്ഷയില്ല. മിഷൻ 676, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വല്ലാർപ്പാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കോഴിക്കോട്-തിരുവനന്തപുരം മോണോറെയിൽ, ദേശീയ ജലപാത, അധ്യാപക പാക്കേജ്, സേവനാവകാശ നിയമം, മലയാളം സർവ്വകലാശാല, ശ്രേഷ്ഠഭാഷാ പദവി, പുതിയ താലൂക്കുകളുടെ രൂപീകരണം തുടങ്ങിയ പദ്ധതികൾക്കെല്ലാം പുതുജീവൻ നൽകിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. വികസനവും കരുതലും എന്ന മുദ്രാവാക്യം അന്വർത്ഥമാക്കിയുള്ള പ്രവർത്തനമാണ് യു.ഡി.എഫ്. ഗവൺമെന്റ് കാഴ്ചവയ്ക്കുന്നത്. സമാന സ്വഭാവമുള്ള വകുപ്പുകളുടെ എണ്ണം കുറച്ച് അധിക ജീവനക്കാരെ പുനർവിന്യസിക്കാൻ നടപടിയുണ്ടാകണം. ആവശ്യമില്ലാത്ത വകുപ്പുകളും കോർപ്പറേഷനുകളും പുന:സംഘടിപ്പിക്കണം. ലാഭ-നഷ്ടം നോക്കാതെ കെ.എസ്.ആർ.ടി.സി. പോലുള്ള പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളുടെ നിലനിൽ

പ്പിന്റെ കാര്യം പ്രത്യേകം പരിഗണിക്കണം. ഐ.ജി., ഡി.ഐ.ജി, ഡി.ജി.പി., കൺസർവേറ്റർമാർ, ചീഫ് എഞ്ചിനീയർമാർ തുടങ്ങിയ ഉന്നത തസ്തികകളുടെ എണ്ണം പരമാവധി ചുരുക്കി ഭരണച്ചെലവ് നിയന്ത്രിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കണം. ലോക് സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ അംഗീകാര-ത്തിൽനിന്നും പാഠം ഉൾക്കൊണ്ട് യു.ഡി.എഫ്. ഇനിയും സൽഭരണവുമായി മുന്നോട്ടു-പോകും എന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. കേവലഭൂരിപക്ഷം നേടി ഭരണസാരഥ്യം ഏറ്റെടുത്തിരിക്കു കയാണ്. വർഗ്ഗീയതയിൽ ഊന്നിയ നയത്തിനുപുറമെ തീവ്രമായ വലതുപക്ഷ നയമാണ് രാജ്യത്ത് ഉണ്ടാകാൻ പോകുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കപ്പെടുകയും ആരോഗ്യ-ഇൻഷുറൻസ് മേഖല-കളിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കുകയും ചെയ്യും. ഫാസിസത്തിനെതിരായി ഒരുമിച്ച് നിന്നുള്ള മുന്നേറ്റമാണ് നടത്തേണ്ടത്. കേന്ദ്രത്തിലെ ബി.ജെ.പി. തരംഗത്തെ അതിജീവിക്കാൻ സംസ്ഥാനത്തെ യു.ഡി.എഫ്. സഖ്യത്തിനു സാധിച്ചു.

സംസ്ഥാന ചരിത്രത്തിലെ ഏറ്റവും നല്ല ഭരണം ഇപ്പോഴത്തെ ഐക്യജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലാണെന്ന് തെളിയിച്ചിരിക്കുകയാണ്. മതേതര ശക്തികൾ ഒന്നിച്ച നിന്ന് വർഗ്ഗീയ ശക്തികൾക്കെതിരെ പോരാടാൻ തയ്യാറാകണം.

ശ്രീ. പാലോട് രവി; ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പദ്ധതി ചെലവുകളിൽ വീഴ്ചവരുത്തുന്ന ഡിപ്പാർട്ടുമെന്റുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതിയേതര ചെലവ് കുറച്ചുകൊണ്ടുവരുന്നതിനും നടപടിയുണ്ടാകണം. മലയാള ഭാഷയെ ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നിയമം പാസ്സാക്കാൻ നടപടിയുണ്ടാകണം. നെടുമങ്ങാട് അനുവദിച്ച എം.എ.സി.റ്റി കോടതിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പുതുതായി 12 താലൂക്കുകൾ അനുവദിച്ച സാഹചര്യത്തിൽ ആനുപാതികമായ റവന്യൂ ഡിവിഷൻ അനുവദിക്കുന്ന കാര്യവും പരിഗണിക്കണം. ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് സമയപരിധി നിജപ്പെടുത്തണം. സീറോ ലാന്റ് ലെസ്സ് പദ്ധതിയോടൊപ്പം ഭവനം നിർമ്മിച്ചു നൽകുന്ന ദീർഘവീക്ഷണ പദ്ധതി കൂടി ആവിഷ്ക്കരിക്കണം. ഇന്ത്യയിൽ യു.പി.എ. വിരുദ്ധ വികാരം അലയടിച്ചപ്പോഴും സംസ്ഥാനത്ത് യു.ഡി.എഫി.ന് അഭിനന്ദനാർഹമായ വിജയം കാഴ്ചവെയ്ക്കാൻ സാധിച്ചത് സംസ്ഥാന ഭരണത്തിന്റെ മികവുകൊണ്ടാണെന്ന സത്യം തിരിച്ചറിയണം. എന്നാൽ കേരളത്തിലെ പ്രതിപക്ഷം

ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുപോകുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഇൻഡ്യയിലെ മതേതരശക്തികളെ ഒന്നിച്ച് അണിനിരത്തുവാൻ നമുക്ക് കഴിയണം.

<u>ശ്രീ. ജി. സുധാകരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ പൊതുകടം സാമാന്യയുക്തിക്ക് നിരക്കാത്തവിധം വർദ്ധിച്ചിരിക്കുന്നു. റവന്യൂ ഡെഫിസിറ്റും പൊതുകടവും തമ്മിലുള്ള അനുപാതം ഏറ്റവും കൂടുതലുള്ള സംസ്ഥാന-ങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്നു. ഒരു സാമ്പത്തിക അടിയന്തരാവസ്ഥയുടെ സാദ്ധ്യത കേരളത്തിൽ കാണുന്നു. അനുവദിക്കുന്ന തുക ചെലവഴിക്കാതെ ലാപ്സ് ആക്കിയിട്ടും കൊടുത്തു തീർക്കുവാനുള്ള തുക കുടിശ്ശികയാക്കിയിട്ടും ശമ്പളവും പെൻഷനും സമയത്ത് കൊടുക്കാതെയിരുന്നിട്ടും പൊതുകടം വർദ്ധിക്കുവാനുള്ള കാരണം ഗവൺമെന്റിന്റെ ഖജനാവ് കൊള്ളയടിക്കലും ധൂർത്തും സാമ്പത്തികമായ അച്ചടക്കമില്ലായ്മയുമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിലില്ലായ്മ വർദ്ധിച്ചു. രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ 17 ശതമാനവും പട്ടിക വിഭാഗക്കാ-രാണ്. എൻട്രൻസ് പരീക്ഷ അവസാനിപ്പിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നൽകുന്ന സ്ഥിതിയുണ്ടാകണം. എല്ലാ സർക്കാർ /എയ്ഡഡ് ഹൈസ്കൂളുകളിലും ആവശ്യമായ പ്ലസ് ടു ബാച്ചുകൾ അനുവദി-ക്കുകയും എയ്ഡഡ് സ്കൂൾ/കോളേജുകളിലെ നിയമനം പി.എസ്.സി.ക്ക് വിടുകയും

ചെയ്യണം. ദേവസ്വത്തിലെ സിവിൽ നിയമനങ്ങളിൽ സംവരണം പാലിക്കാതെ നിയമം ലംഘിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നത് അഴിമതിയെ പ്രോത്സാഹിപ്പിക്കുവാനാണ്.

ശ്രീ. ബെന്നി ബെഹനാൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ദേശീയതലത്തിൽ കോൺഗ്രസിനുണ്ടായ പരാജയം ഉൾക്കൊള്ളുന്നു. ഇടതുപക്ഷ രാഷ്ട്രീയം കാലാകാലങ്ങളായി പുലർത്തിക്കൊണ്ടിരിക്കുന്ന കോൺഗ്രസ് വിരോധമാണ് ബി.ജെ.പി.യുടെ വിജയത്തിന് കാരണമായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന മൂന്ന് തെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ് വിജയിച്ചു. ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്ന ഗവൺമെന്റാണിത്. ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമരമാർഗ്ഗങ്ങൾ കാലഹരണപ്പെട്ടതാണ്. അവർ ഈ ഗവൺമെന്റിനെതിരെ നടത്തിയ സമരങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ജനഹിതം മനസ്സിലാക്കാൻ പ്രതിപക്ഷം തയ്യാറാകണം. രാജ്യവ്യാപകമായി ബി.ജെ.പി. വിജയിച്ചപ്പോൾ കേരളത്തിൽ ഒരു സീറ്റുപോലും നേടാതിരുന്നതിന്റെ ക്രെഡിറ്റ് യു.ഡി.എഫ്. ഗവൺമെന്റിനുള്ളതാണ്. റോഡ്, ആരോഗ്യം, വിദ്യാഭ്യാസം, കമ്മ്യൂണിക്കേഷൻ തുടങ്ങിയ എല്ലാ മേഖലകളിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പിലാണ്. ഇനിയും കോൺഗ്രസ് ഗവൺമെന്റ് പൂർവ്വാധികം

ശക്തിയോടെ അധികാരത്തിൽവരും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുകയാണ് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ നിർഭയ പദ്ധതി ഇന്ന് എങ്ങുമെത്താത്ത അവസ്ഥയിലാണ്. സാമൂഹ്യവിരുദ്ധ നിയമത്തിന്റെ മറവിൽ പൊതുപ്രവർത്തകരെ കള്ളക്കേസിൽ കുടുക്കുകയാണ്. പൊതുവിതരണ ശൃംഖലയെ തകർക്കുന്ന നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. സപ്ലൈകോയിലും കൺസ്യൂമർഫെഡിലും നടന്ന അഴിമതികളെക്കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തണം. നെല്ലിന്റെ സംഭരണ വില യഥാസമയം നൽകാതെ നെൽക്കർഷകരെ സർക്കാർ ദ്രോഹിക്കുകയാണ്. വൈദ്യുതമേഖലയിലെ പ്രതിസന്ധി കേരളത്തെ ഇരുട്ടിലേയ്ക്ക് നയിക്കുകയാണ്. മുല്ലപ്പെരിയാർ കേസിന്റെ കാര്യത്തിൽ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചത്. ആരോഗ്യമേഖലയിൽ ആവശ്യത്തിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമില്ലെന്ന് മാത്രമല്ല അവശ്യമരുന്നുകൾ പോലും കിട്ടാനില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. 108 ആംബുലൻസ് സർവ്വീസ് നിർത്തലാക്കിയത് ഈ മേഖലയിലെ സ്വകാര്യ കമ്പനികളെ സഹായിക്കാനാണ്. പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുന്നില്ല. ശബരിമലയും പരിസരവും ഇന്ന് മാലിന്യ നിബിഡമാണ്. സംസ്ഥാനത്തെ

സാമ്പത്തികസ്ഥിതി തകർന്നിരിക്കുകയാണ്. ശമ്പളം കൊടുക്കാൻ-പോലും കഴിയാതെ ട്രഷറി കാലിയാണ്. കരാറുകാർക്ക് കുടിശ്ശിക നൽകാ-ത്തതുമൂലം നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുന്നു. ക്ഷേമപെൻഷനുകൾ കുടി-ശ്ശികയാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സർക്കാർ വെട്ടിക്കുറച്ചു. 418 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്ന വിഷയത്തിൽ ഒരു തീരുമാനമെടുക്കാൻ സർക്കാരിന് കഴിയുന്നില്ല. സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കി ജീവനക്കാരെ രണ്ടുതട്ടിലാക്കുകയും ശമ്പളപരിഷ്കരണ നടപടികൾ അനന്തമായി നീ-ട്ടിക്കൊണ്ടുപോകുകയുമാണ്. പി.എഫ്. പെൻഷൻകാർക്ക് ആനുകൂല്യം നൽകുന്ന കാര്യത്തിൽ മുൻസർക്കാരിന്റെ ഉത്തരവ് നടപ്പാക്കുന്നതിന് ഈ സർക്കാർ തയ്യാറാകുന്നില്ല. കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ട നടപ-ടികൾ വിദ്യാലയങ്ങളിലെ സമാധാനന്തരീക്ഷം തകർക്കുന്നതാണ്. വിദ്യാഭ്യാസരം-ഗത്ത് ഇടത് സർക്കാരുകൾ നടപ്പാക്കിയ നേട്ടങ്ങളെ തകർത്തു കൊണ്ട് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളെ പ്രീണിപ്പിക്കുന്ന നയമാണ് സർ-ക്കാർ നടപ്പാക്കുന്നത്. വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ അന്തസ് കെടുത്തിയിരിക്കുകയാണ്. നിയമസഭ പാ-സ്സാക്കിയ നെൽവയൽ-തണ്ണീർത്തട നിയമം ഭൂ മാഫിയകൾക്കുവേണ്ടി മാ-റ്റിമറിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മൂന്നുവർഷം പൂർത്തിയാക്കിയ ഈ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുകയും രാഷ്ട്രീയ സ്ഥിരത നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. വികസനവും കരുതലുമെന്ന ഗവൺമെന്റിന്റെ മുദ്രാവാക്യം പൂർണ്ണമായും പാലിച്ചുകൊണ്ട് മുന്നോട്ടുപോകാനും മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട്സിറ്റി, മോണോ റെയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങിയ കേരളത്തിന്റെ സ്വപ്ന പദ്ധതികൾ ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ജലപാത ഈ വർഷം കമ്മീഷൻ ചെയ്യും. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഗവൺമെന്റിന് ഏറ്റവുമധികം സംതൃപ്തി നൽകിയിട്ടുള്ള പദ്ധതിയാണ് സ്റ്റുഡന്റ് എന്റർപ്രണവർ പോളിസി. ഗവൺമെന്റിന്റെ 100 ദിന കർമ്മ പരിപാടിയിൽപ്പെടുത്തി ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകുന്ന പദ്ധതി ആരംഭിച്ചു. എല്ലാ ക്ഷേമപെൻഷനുകളുടെയും തുക വർദ്ധിപ്പിച്ചു. കോക്ലിയർ ഇംപ്ലാന്റേഷന്റെ ചെലവ് പൂർണ്ണമായും ഗവൺമെന്റ് വഹിക്കുന്നുണ്ട്. കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച 387.28 കോടി രൂപ 36,818 രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സാമ്പത്തിക രംഗത്തെ സംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും വകയില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 283.65 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതി ആരംഭിച്ചു. കോൺ-

ട്രാക്ടർമാരുടെ കുടിശ്ശിക തുകയും നെല്ല് സംഭരണത്തിൽ വന്ന കുടിശ്ശിക തുകയും എത്രയുംവേഗം കൊടുത്തുതീർക്കും. പരമാവധി പ്ലാൻ എക്സ്പെൻഡിച്ചർ നിറവേറ്റി മുന്നോട്ടുപോകാൻ ശ്രമിക്കും. സെൻട്രലി സ്പോൺസേർഡ് പ്രോജക്ടുകൾ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി 2010-11-ൽ ചെലവഴിച്ചതിന്റെ ഇരട്ടിയിലധികം തുക 2013-14-ൽ ചെലവഴിക്കാനും തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിച്ചു. പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെട്ട 514 കി.മീ. റോഡിന്റെ പണി ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിന്റെ ആവശ്യപ്രകാരം ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമി, പ്ലാന്റേഷൻ എന്നിവയെ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് പ്രിലിമിനറി നോട്ടിഫിക്കേഷൻ പുറത്തിറക്കിയെങ്കിലും പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കാൻ സാധിച്ചില്ല. രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചു. ഈ സർക്കാർ അധികാരമേറ്റശേഷം 101682 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും 97000-ൽപ്പരം പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി വിവിധ വകുപ്പുകളിൽ നടത്താൻ ലക്ഷ്യമിട്ട പരിപാടികൾ മിഷൻ 676 പ്രകാരം സമയബന്ധിതമായി പൂർത്തിയാക്കുന്ന-

താണ്. കസ്തൂരി രംഗൻ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്നതിനുമുമ്പ് സംസ്ഥാനത്തിന്റെ അഭിപ്രായം ആരായണമെന്നതും എഫ്.എ.സി.ടി.യുടെ കാര്യവും പ്രധാനമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്. കോളേജുകളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഗവൺമെന്റ് കോളേജുകളും എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി കോഴ്സുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ ക്ലാസ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. നെൽ വയൽ സംരക്ഷണ കാര്യത്തിൽ സുതാര്യമായ സമീപനമാണ് സ്വീകരിക്കുന്നത്. ബാറുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും 61-നെതിരെ 69 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## അറിയിപ്പ്

### കാര്യപരിപാടിയിലെ മാറ്റം

മി. സ്പീക്കർ: 2014 ജൂൺ 19-ാം തീയതി ചർച്ചയ്ക്ക് നിശ്ചയിച്ചിരിക്കുന്ന സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ച ജൂൺ 26-ാം തീയതി വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കൊപ്പം നടത്തുന്നതാണ്. സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടിലെ ശുപാർശകളിൽ മേൽപ്പറഞ്ഞ മാറ്റം സഭയുടെ അംഗീകാരത്തോടെ വരുത്തുന്നു.

## പ്രത്യേക പരാമർശം

### പവർക്കട്ട് സമയത്തിൽ ക്രമീകരണം

ശ്രീ. വി. ശിവൻകുട്ടി: ഇരുപതാമത് ലോകകപ്പ് ഫുട്ബോൾ ബ്രസീലിൽ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് കളി കാണുന്നതിന് പവർക്കട്ട് സമയത്തിൽ ക്രമീകരണം ഏർപ്പെടുത്തണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭരണ-പ്രതിപക്ഷ കക്ഷിയിൽപ്പെട്ട എം.എൽ.എ.മാർ ആവശ്യപ്പെട്ടതനുസരിച്ച് കളി നടക്കുന്ന സമയം മുതൽ രാത്രി 9.30-നുശേഷം പവർക്കട്ട് ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സഭ വൈകുന്നേരം 5.32-ന് പിരിഞ്ഞു.

*********************